പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2849

22.06.2012 ൽ മറുപടിയ്ക്ക്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏതെല്ലാം മേഖലകളിലാണ് ഊന്നൽ നൽകുന്നതെന്ന് പറയാമോ ;

എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ I പ്രകാരം താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

1. ജലസംരക്ഷണവും ജലകൊയ്ത്തും (കോണ്ടൂർ ട്രഞ്ചുകളും ബണ്ടുകളും, ബൗൾഡർ ചെക്കുകൾ, ഗ്യാബിയോൾ നിർമ്മാണം, അണ്ടർഗ്രൗണ്ട് ഡൈക്കുകൾ, ജലസംഭരണി, സ്റ്റോപ്പ് ഡാം, നീരുറവയുടെ വികസനം)
2. വരൾച്ച തടയൽ (വനവത്കരണം, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ)
3. സൂക്ഷ്മ, ചെറുകിട, ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജല സേചന പ്രവൃത്തികൾ
4. ജലസേചന സൗകര്യങ്ങൾ, കൃഷിയിടങ്ങളിലെ കുളങ്ങൾ, ഹോർട്ടി കൾച്ചർ, തോട്ടകൃഷി, ഫാം ബണ്ടിംഗ്, ഭൂവികസനം എന്നിവ * (ഖണ്ഡിക 3 പ്രകാരം)
5. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം- കുളങ്ങളുടെ ചെളി നീക്കൽ ഉൾപ്പെടെ
6. ഭൂവികസനം
7. വെള്ളപ്പൊക്ക നിയന്ത്രണം-വെള്ള ക്കെട്ട് പ്രദേശങ്ങളിൽ വെള്ളം ഒഴുക്കി കളയുന്നതിനുള്ള പ്രവർത്തനങ്ങൾ, തീരസംരക്ഷണത്തിനു വേണ്ടിയുള്ള സ്റ്റോം വാട്ടർ ഡ്രെയിൻസ്
8. എല്ലാകാലാവസ്ഥയിലും ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യം (കൾവർട്ടുകൾ ഉൾപ്പെടെ)

9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം
10. കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ (നഡേപ്പ് കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ്യ ജൈവ വളങ്ങൾ)*
11. കന്നുകാലി പരിപാലനം (കോഴികൂട്, ആടിനുള്ള ആല, കന്നുകാലികൾക്ക് (cattle) വേണ്ടിയുള്ള തൊഴുത്തിന്റെ തറ, ഗോമൂത്ര സംഭരണി, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി ഫീഡായി ഉപയോഗിക്കുന്ന അസോള കൃഷി.*
12. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (പൊതുസ്ഥലങ്ങളിലെ ജലസംഭരണികളിലെ മത്സ്യകൃഷി)
13. തീരദേശ പരിപാലന പ്രവർത്തനങ്ങൾ (മത്സ്യം ഉണക്കുന്നതിനുള്ള യാർഡുകൾ ബെൽറ്റ് വെജിറ്റേഷൻ മുതലായവ)*
14. ഗ്രാമീണ കുടിവെള്ള പ്രവർത്തനങ്ങൾ (സോക്പിറ്റ്, റീചാർജ്ജ് പിറ്റ് മുതലായവ).*
15. ഗ്രാമീണ ശുചിത്വമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (വ്യക്തിഗത കക്കൂസ്, സ്കൂൾ ശൗചാലയം, അംഗൻവാടി ശൗചാലയം, ഖരദ്രവ മാലിന്യ സംസ്കരണം)*
16. സംസ്ഥാനസർക്കാരുമായി ആലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു പ്രവൃത്തിയും

* 4,10,11,13,14,15, എന്നീ ഇനങ്ങൾക്ക് പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഐ.എ.വൈ ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസ നിയമത്തിന്റെ പരിധിയിൽ വരുന്ന ചെറുകിട നാമമാത്ര കർഷകർ, 2006 ലെ വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾ, പരമ്പരാഗത വനവാസികൾ എന്നിവർക്ക് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി അവരുടെ ഭൂമിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

എ) മേൽകുടുംബങ്ങൾ തൊഴിൽകാർഡ് ഉള്ളവരായിരിക്കണം

ബി) ഗുണഭോക്താക്കൾ അവരുടെ സ്വന്തം ഭൂമിയിലെ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതാണ്.

ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത് ; നാളിതുവരെ എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചുവെന്ന് അറിയിക്കുമോ ?

ബി) ഒന്നാംഘട്ടം - 2006-07 - പാലക്കാട്, വയനാട്

രണ്ടാം ഘട്ടം- 2007-08 - ഇടുക്കി, കാസർഗോഡ്

മൂന്നാം ഘട്ടം - 2008-09- ശേഷിക്കുന്ന 10 ജില്ലകൾ

ഗുണഭോക്താക്കളുടെ വിവരം

| വർഷം | ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 99107 | 13.46 |
| 2007-08 | 182029 | 60.45 |
| 2008-09 | 692015 | 153.75 |
| 2009-10 | 955978 | 329.92 |
| 2010-11 | 1184882 | 492.764 |
| 2011-12 | 1418386 | 631.94 |
| 2012-13 | 537939 | 26.62 |

സെക്ഷൻ ഓഫീസർ